**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**


നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4947

14.11.2019 ൽ
മറുപടിയ്ക്ക്

# സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ജെ.മാക്സി | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലാൻഡ് ട്രിബ്യൂണൽ വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) 1963 ലെ കേരള ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന പ്രവർത്തനങ്ങളാണ് ലാൻഡ് ട്രിബ്യൂണലുകൾ നടത്തുന്നത്. 01.04.1964 ന് മുൻപ് ജന്മി കുടിയാൻ ബന്ധത്തിൽ ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ തുടങ്ങിയവർക്ക് നിയമാനുസൃത അർഹത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനമാണ് ലാൻഡ് ട്രിബ്യൂണലുകളിൽ പ്രധാനമായും നടന്നുവരുന്നത്. |
| (ബി) പ്രസ്തുത ട്രിബ്യൂണലിന് മുമ്പാകെ ഈ സർക്കാർ നിലവിൽ വരുമ്പോൾ എത്ര ഫയലുകളുണ്ടായിരുന്നുവെന്നും ഈ സർക്കാർ കാലയളവിൽ ആരംഭിച്ചവ എത്രയെന്നും ആയതിൽ എത്ര ഫയലുകളിന്മേൽ തീർപ്പ് കൽപ്പിക്കുകയുണ്ടായി എന്നും ആയത് വഴി എത്ര പേർക്ക് പട്ടയങ്ങൾ/ക്രയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തീർപ്പാക്കാൻ ഉണ്ടായിരുന്ന ലാൻഡ് ട്രിബ്യൂണൽ കേസുകൾ - 200541.<br>ഈ സർക്കാർ കാലയളവിൽ ലഭിച്ച പുതിയ അപേക്ഷകൾ - 55285.<br>ആകെ തീർപ്പാക്കാൻ ഉണ്ടായിരുന്നത് - 255826.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീർപ്പാക്കിയ ലാൻഡ് ട്രിബ്യൂണൽ കേസുകൾ - 130504.<br>തീർപ്പാക്കാനായി ബാക്കിയുള്ള ഫയലുകൾ - 125322. |
| (സി) ഈ സർക്കാർ അധികരത്തിലെത്തുമ്പോൾ സംസ്ഥാനത്ത് എത്ര ലാൻഡ് ട്രിബ്യൂണലുകൾ ഉണ്ടായിരുന്നുവെന്നും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ഈ സർക്കാർ എന്തെല്ലാം | (സി) ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാനത്ത് 17 ലാൻഡ് ട്രിബ്യൂണലുകളും 16 ദേവസ്വം ലാൻഡ് ട്രിബ്യൂണലുകളും ഉണ്ടായിരുന്നു. കൂടാതെ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ഉണ്ടായിരുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, |

| | |
|---|---|
| നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | കോഴിക്കോട് ജില്ലകളിലെ മറ്റ് ജോലികളിലേർപ്പെട്ടിരുന്ന 31 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ട്രിബ്യൂണലിലെ കേസുകൾ തീർപ്പാക്കാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിന്റെ ഫലമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ കേസുകൾ ഏറെക്കുറെ പൂർണ്ണമായി തീർപ്പാക്കുകയുണ്ടായി. ഈ ജില്ലകളിലെ 6 ലാൻഡ് ട്രിബ്യൂണലുകളെ കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലേക്ക് വിന്യസിച്ച് 6 പുതിയ ലാൻഡ് ട്രിബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. 31 സ്പെഷ്യൽ ഓഫീസർമാർക്ക് അധിക ചുമതല നൽകിയിരുന്നതിൽ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കൽ ജോലി നിർവ്വഹിക്കാനുണ്ടായിരുന്ന 16 ഓഫീസുകളെ ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതലയിൽ നിന്ന് ഒഴിവാക്കി. ബാക്കിയുള്ള 15 ഓഫീസുകൾ ഈയിനത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ അട്ടപ്പാടിയിലെ ആദിവാസികളുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണൽ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി കേസ് തീർപ്പാക്കുന്നതിന്റെ അധിക ചുമതല നൽകുകയുണ്ടായി. ഈയിനത്തിൽ 34 ലാൻഡ് ട്രിബ്യൂണലുകൾ പുതുതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ:

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.
2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.
3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.
4. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.
5. ജന്മിമാർ നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസുകളിൽ എക്സ് പാർട്ടി ആയി വിധി പ്രസ്താവിക്കാനും നിലവിൽ കഴിയുന്നുണ്ട്.
6. കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്.

7.ജില്ലകളിൽ ഒന്നാം ഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

8.കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

(ഡി) ഈ സർക്കാർ കാലയളവിൽ എത്ര ലാൻഡ് ട്രിബ്യൂണലുകൾ പുതുതായി പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയുന്ന ലാൻഡ് ട്രിബ്യൂണലുകൾ സ്ഥാപിച്ചിട്ടുണ്ട്:

പുതുതായി രൂപീകരിച്ചത് - 6 എണ്ണം

അട്ടപ്പാടിക്ക് വേണ്ടി മാത്രം ചുമതല നൽകിയത് - 1 എണ്ണം

താലൂക്ക് തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലിന്റെ ചുമതല നൽകിയത് -34 എണ്ണം

സ്പെഷ്യൽ തഹസിൽദാർമാർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയത് - 15 എണ്ണം

ആകെ ട്രിബ്യൂണലുകൾ - 56 എണ്ണം

Nizamma

സെക്ഷൻ ഓഫീസർ